# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

**പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560**

**ഫോൺ: 0481 – 2733298, മൊബൈൽ : 9495119702**


പി.ആർ.ഒ./39/216/2018 2018 ഒക്ടോബർ 12

## വാർത്താക്കുറിപ്പ്

### നാഷണൽ സർവീസ് സ്കീം വാർഷിക കർമ്മപദ്ധതിയും പ്രവർത്തന കലണ്ടറും തയ്യാറാക്കുന്നു

മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള നാഷണൽ സർവീസ് സ്കീമിന്റെ പ്രവർത്തനങ്ങൾ വിപുലമാക്കുന്നതിനായി വാർഷിക കർമ്മപദ്ധതി തയ്യാറാക്കാൻ തീരുമാനം. സർവകലാശാല അസംബ്ലി ഹാളിൽ നടന്ന കോളജ് എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർമാരുടെ സമ്മേളനത്തിലാണ് തീരുമാനം. കർമ്മപദ്ധതിയും പ്രവർത്തന കലണ്ടറും തയ്യാറാക്കി പരിപാടികൾ നടപ്പാക്കും.

എം.ജി. സർവകലാശാലയിലെ എൻ.എസ്.എസിന്റെ പ്രവർത്തനം രാജ്യത്തിനു തന്നെ മാതൃകയാണെന്ന് ഹൈദരാബാദ് സർവകലാശാലയടക്കം ചൂണ്ടിക്കാട്ടിയിട്ടുള്ളതായി സമ്മേളനം ഉദ്ഘാടനം ചെയ്ത വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു. എൻ.എസ്.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്റർമാരുടെ പരിശീലനത്തിനായി പ്രത്യേക കേന്ദ്രം സ്ഥാപിക്കുമെന്നും കോളജുകളിൽ നൈപുണ്യ വികസന കേന്ദ്രങ്ങൾ ആരംഭിക്കുകയാണ് ലക്ഷ്യമെന്നും വൈസ് ചാൻസലർ പറഞ്ഞു. സിൻഡിക്കേറ്റംഗം ഡോ. ആർ. പ്രഗാഷ് അധ്യക്ഷത വഹിച്ചു.

എല്ലാ കോളജ് എൻ.എസ്.എസ്. യൂണിറ്റുകളും ഒക്ടോബർ 30നകം പബ്ലിക് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (പി.എഫ്.എം.എസ്.) വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യണമെന്നും വിവരങ്ങൾ നൽകണമെന്നും എൻ.എസ്.എസ്. സംസ്ഥാന ഓഫീസർ ഡോ. കെ. സാബുക്കുട്ടൻ പറഞ്ഞു. സിൻഡിക്കേറ്റംഗം പ്രൊഫ. സന്തോഷ് പി. തമ്പി, എൻ.എസ്.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്റർ പ്രൊഫ. എം.ജെ. മാത്യു എന്നിവർ പ്രസംഗിച്ചു. 'നാഷണൽ സർവീസ് സ്കീം - ദർശനവും സാക്ഷാത്ക്കാരവും' എന്ന വിഷയത്തിൽ ഡോ. സി. തോമസ് എബ്രഹാം ക്ലാസെടുത്തു. വാർഷിക കർമ്മപദ്ധതി തയ്യാറാക്കുന്നതിനായി ചർച്ചകളും ക്രോഡീകരണവും നടന്നു.

**ഫോട്ടോ ക്യാപ്ഷൻ**

**മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിലെ എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർമാരുടെ സമ്മേളനം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു. എൻ.എസ്.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്റർ പ്രൊഫ. എം.ജെ. മാത്യു, സംസ്ഥാന ഓഫീസർ ഡോ. സാബുക്കുട്ടൻ, ഡോ. സി. തോമസ് എബ്രഹാം, സിൻഡിക്കേറ്റംഗങ്ങളായ ഡോ. ആർ. പ്രഗാഷ്, പ്രൊഫ. സന്തോഷ് പി. തമ്പി എന്നിവർ സമീപം**

### ഉത്തരക്കടലാസ് മൂല്യനിർണയം

ബി.എ./ബി.കോം (പ്രൈവറ്റ് രജിസ്ട്രേഷൻ) മൂന്ന്, നാല് സെമസ്റ്ററുകളുടെ ഉത്തരക്കടലാസുകൾ മൂല്യനിർണയത്തിനായി കൈപ്പറ്റിയ അധ്യാപകർ മൂല്യനിർണയം പൂർത്തിയാക്കി ഒക്ടോബർ 15, 16 തീയതികളിൽ ക്യാമ്പുകളിൽ തിരികെ നൽകണം. ചീഫ് ആയി ഉത്തരവ് ലഭിച്ച അധ്യാപകർ ഒക്ടോബർ 15 മുതൽ 20 വരെയുള്ള ദിവസങ്ങളിൽ ക്യാമ്പുകളിൽ നിന്ന് ഇവ കൈപ്പറ്റി പുനർമൂല്യനിർണയം നടത്തി 29നകം തിരികെ ക്യാമ്പുകളിൽ ഏൽപ്പിക്കണം.

### പരീക്ഷാഫലം

2018 മെയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്സി. അപ്ലൈഡ് കെമിസ്ട്രി (സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 25 വരെ അപേക്ഷിക്കാം.

2018 മെയിൽ സ്കൂൾ ഓഫ് ഇൻഡ്യൻ ലീഗൽ തോട്ടിൽ നടത്തിയ അഞ്ചും ഏഴും ഒമ്പതും സെമസ്റ്റർ ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ് / പഞ്ചവത്സരം) റഗുലർ/സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 29 വരെ അപേക്ഷിക്കാം.

2018 ജനുവരിയിൽ സ്കൂൾ ഓഫ് ഇൻഡ്യൻ ലീഗൽ തോട്ടിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്/പഞ്ചവത്സരം) റഗുലർ/സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 29 വരെ അപേക്ഷിക്കാം.

**നാനോ മെഡിസിൻ: രാജ്യാന്തര കോൺഫറൻസിന് തുടക്കം**

## നാനോ സെൽ, ജീൻ, റീഹാബിലിറ്റേഷൻ തെറാപ്പിയിലൂടെ

## നാഡീപുനരുജ്ജീവനം സാദ്ധ്യമാകും: രാജ്യാന്തര കോൺഫറൻസ്

സെൽ തെറാപ്പി, ജീൻ തെറാപ്പി, റീഹാബിലിറ്റേഷൻ തെറാപ്പി എന്നീ നാനോ സാങ്കേതിക വിദ്യകൾ ഒരുമിച്ചുചേർത്ത് നാഡികളുടെ പുനരുജ്ജീവനവും പുനർസൃഷ്ടിയും സാധ്യമാകുമെന്ന് ബ്രസീലിൽ നിന്നുള്ള പ്രമുഖ ശാസ്ത്രജ്ഞ പ്രൊഫ. അനാ എം. ബ്ലാങ്കോ മാർട്ടിനസ് പറഞ്ഞു. നാനോ മെഡിസിൻ, ടിഷ്യൂ എൻജിനീയറിംഗ് എന്നിവയുമായി ബന്ധപ്പെട്ട് എം.ജി. സർവകലാശാലയിൽ നടക്കുന്ന രാജ്യാന്തര കോൺഫറൻസിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അവർ.

നിലവിൽ മറ്റൊരാളിൽ നിന്നുള്ള നാഡികൾ സ്വീകരിച്ചാണ് നാഡികളുടെ പുനരുജ്ജീവനം സാധ്യമാക്കുന്നത്. എന്നാൽ നാനോ മെഡിസിനിലെ സെൽ, ജീൻ, റീഹാബിലിറ്റേഷൻ തെറാപ്പികളിലൂടെ ഇത് സാധ്യമാകും. നാഡികൾ ദാനം ചെയ്ത് പുനരുജ്ജീവനം നടത്തേണ്ട ആവശ്യം ഉണ്ടാകില്ലെന്നും അവർ പറഞ്ഞു. ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി സംഘടിപ്പിക്കുന്ന ത്രിദിന രാജ്യാന്തര കോൺഫറൻസ് ഐ.സി.എൻ.റ്റി. 2018 ന്റെ ഉദ്ഘാടനം സ്കൂൾ ഓഫ് എൻവയോൺമെന്റ് സയൻസസ് സെമിനാർ ഹാളിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് നിർവഹിച്ചു. നാനോ മെഡിസിനിലും ടിഷ്യൂ എൻജിനീയറിംഗിലും വിപ്ലവകരമായ കണ്ടുപിടുത്തങ്ങൾക്ക് നാന്ദി കുറിക്കുന്ന ഗവേഷണഫലങ്ങളാണ് പുറത്തുവരുന്നതെന്ന് വൈസ് ചാൻസലർ പറഞ്ഞു.

ഐ.ഐ.യു.സി.എൻ.എൻ. ഡയറക്ടർ ഡോ. നന്ദകുമാർ കളരിക്കൽ, ഡോ. ഹന്ന ജെ. മരിയ എന്നിവർ പ്രസംഗിച്ചു. വിവിധ വിഷയങ്ങളിൽ മലേഷ്യയിൽ നിന്നുള്ള രാജേഷ് രാമസാമി, ദക്ഷിണകൊറിയയിൽ നിന്നുള്ള സംഗിലിയാണ്ടി ഗുരുനാഥൻ, മെഹമൂദ് ആസാദ് ഖാൻ, ആർ. രാജകുമാരി, നരേഷ് കൊസ്ജ്ഞ, വഹീൽ സിംഗ് എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. പി.ആർ. അനിൽകുമാർ, ജയദീപ് ഭട്ടാചാര്യ, ജോസ്ന ജോസഫ്, നാരായൺ ചന്ദ്ര മിശ്ര എന്നിവർ വിവിധ സെഷനുകളിൽ അധ്യക്ഷരായി.

ഇന്ന് (ഒക്ടോബർ 13) രാവിലെ 9.30ന് മെഡിക്കൽ രംഗത്ത് നാനോ സാങ്കേതികവിദ്യയുടെ പ്രയോഗത്തെ സംബന്ധിച്ച് അമേരിക്കയിൽ നിന്നുള്ള വിരിന്ദർ എസ്. പർമാർ പ്രഭാഷണം നടത്തും. ജി. രാജരാജൻ, എച്ച്. മണികണ്ഠൻ, ഇനാ റേ ബാനർജി, കെ. പട്ടാഭിരാമൻ, എം. ശ്രീനിവാസൻ, ആനി എബ്രഹാം എന്നിവർ വിവിധ വിഷയങ്ങളിൽ പ്രബന്ധം അവതരിപ്പിക്കും. നാളെ (ഒക്ടോബർ 14) കോൺഫറൻസ് സമാപിക്കും.

**ഫോട്ടോ ക്യാപ്ഷൻ**

**എം.ജി. സർവകലാശാലയിൽ ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി സംഘടിപ്പിക്കുന്ന ത്രിദിന രാജ്യാന്തര കോൺഫറൻസിൽ ബ്രസീലിൽ നിന്നുള്ള പ്രമുഖ ശാസ്ത്രജ്ഞ പ്രൊഫ. അനാ എം. ബ്ലാങ്കോ മാർട്ടിനസ് നാനോ മെഡിസിനെക്കുറിച്ച് സംസാരിക്കുന്നു**

## ക്വട്ടേഷൻ ക്ഷണിച്ചു

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിന്റെ ഓഫീസിലേക്ക് ഡസ്ക്ടോപ്പ് കമ്പ്യൂട്ടർ വാങ്ങുന്നതിന് ക്വട്ടേഷനുകൾ ക്ഷണിച്ചു. ഒക്ടോബർ 30ന് വൈകീട്ട് 5 മണിവരെ ക്വട്ടേഷനുകൾ സ്വീകരിക്കും. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ